ഉത്തരം

(എ)&(ബി) പഠനം നടത്തിയിട്ടുണ്ട്. എന്നാൽ ആരെയും പ്രത്യേകിച്ച് ചുമതലപ്പെടുത്തിയിരുന്നില്ല. ഗവൺമെന്റിൽ ലഭ്യമായിരുന്ന കണക്കനുസരിച്ച് കേരളത്തിലെ വിദേശമദ്യത്തിന്റെ ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരവും പുതിയ യൂണിറ്റുകൾ അനുവദിച്ചാൽ അതിനോടനുബന്ധിച്ച് ഉണ്ടാകാവുന്ന തൊഴിൽ സാധ്യതകളും കണക്കിലെടുത്താണ് പുതിയ ബ്ലണ്ടിംഗ് ആന്റ് ബോട്ട്ലിംഗ് യൂണിറ്റുകളും ബ്രൂവറികളും തുടങ്ങുവാൻ അനുവാദം നൽകിയത്.

(സി) 14 ഡിസ്റ്റിലറികൾ പ്രവർത്തിച്ചുവരുന്നു. അവയുടെ പേരും സ്ഥാപിതശേഷിയുടെ എത്ര ശതമാനം ഉൽപ്പാദിപ്പിക്കുന്നു എന്ന വിവരവും ചുവടെ ചേർക്കുന്നു.

1.	യുണൈറ്റഡ് ഡിസ്റ്റിലറി, വേങ്ങിലപ്പാറ -	60%
2.	കെ.എസ്. ഡിസ്റ്റിലറി, കണ്ണൂർ-ഉൽപ്പാദനം ആരംഭിച്ചിട്ടില്ല.	
3.	തോട്ടക്കാട് ഡിസ്റ്റിലറി, ആലുവ -	20%
4.	കെയ്സി ഡിസ്റ്റിലറി, മുതുകാട് -	11%
5.	പോൾസറ്റ ഡിസ്റ്റിലറി, ചാലക്കുടി-	48%
6.	സൂപ്പർസ്റ്റാർ ഡിസ്റ്റിലറി ആന്റ് ഹാമിംഗ് ലിമിറ്റഡ്, തൃശ്ശൂർ -	54%
7.	മാക്സവൽ ഡിസ്റ്റിലറി, ചേർത്തല-	60%
8.	കാസനോവ ഡിസ്റ്റിലറി, കോട്ടയം-	52.6%
9.	കേരള ആൾക്കഹോളിക് പ്രോഡക്ട്സ് ലിമിറ്റഡ്, പാലക്കാട് -	100%
10.	ബെവൽക്കീസ് ഡിസ്റ്റിലറി, മണ്ണുത്തി-	54%
11.	സൗത്ത് ട്രാവൻകൂർ ഡിസ്റ്റിലറി, നെയ്യാറ്റിൻകര -	65%
12.	കേരള ഡിസ്റ്റിലറി ആന്റ് അലൈഡ് പ്രോഡക്ട്സ്, പാലക്കാട് -	78%
13.	ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ്, ചിറ്റൂർ - ഇന്ത്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്നില്ല.	
14.	ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ്, തിരുവല്ല -	60%

(ഡി) സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഡിസ്റ്റിലറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

48 (1011) ദേവാരണ്യ പദ്ധതി

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> :
<u>ശ്രീ. എം.പി. വർഗ്ഗീസ്</u> :
<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർഗ്ഗീസ് വൈദ്യർ :

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പും ദേവസ്വം ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന 'ദേവാരണ്യ പദ്ധതി' വിപുലീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഇതുവരെ എത്ര ഹെക്ടർ ഭൂമിയിൽ മരം വച്ചുപിടിപ്പിച്ചിട്ടുണ്ട്;

(സി) 1998-99 ൽ എത്ര ഹെക്ടർ സ്ഥലത്ത് മരം വച്ചുപിടിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു; അതിന് എത്ര ഹെക്ടർ സ്ഥലത്ത് മരം വച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം ഇതുവരെ എന്തു തുക ചെലവായിട്ടുണ്ട്;

(ഇ) 1999-2000 വർഷത്തേയ്ക്ക് ഈ പദ്ധതിക്കുവേണ്ടി എന്തുതുക നീക്കിവച്ചിട്ടുണ്ട്;

(എഫ്) കൂടുതൽ സ്ഥലത്ത് പ്രസ്തുത പദ്ധതിപ്രകാരം മരങ്ങൾ വച്ചു പിടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 'ദേവാരണ്യം പദ്ധതി' വിപുലീകരിക്കാനുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ബി)&(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള ഭൂമിയിൽ ക്ഷേത്ര ആവശ്യങ്ങൾക്കുള്ള സ്ഥലവും കുളങ്ങളുടെ കരയും ഒഴികെയുള്ള സ്ഥലങ്ങളിൽ സസ്യങ്ങളും വൃക്ഷങ്ങളും നട്ടുപിടിപ്പിക്കുന്ന പദ്ധതിയാണ് ദേവാരണ്യം പദ്ധതി. പദ്ധതി ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ മരങ്ങൾ വച്ചുപിടിപ്പിച്ച ഭൂമിയുടെ കണക്ക് ശേഖരിച്ചു വരുന്നതേയുള്ളൂ എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) രണ്ടു ലക്ഷം രൂപയോളം ചെലവായിട്ടുണ്ട് എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) ദേവസ്വം ബോർഡിന്റെ 1999-2000 വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 3 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(എഫ്) നടപടി സ്വീകരിച്ചുവരുന്നുണ്ട് എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

49 (1012) വനംവകുപ്പിന്റെ കീഴിലുള്ള പ്ലാന്റേഷനുകളുടെ ഉൽപ്പാദനക്ഷമത

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. സി.കെ.. രാജേന്ദ്രൻ :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly